"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീമതി ബിജി . ആർ ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് എറണാകുളം ലേയ്ക്ക് ഷോർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.2455/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/12/2021

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. G.O.(P)No.144/2013/H&FWD dated 22.04.2013.
3. ശ്രീമതി ബിജി . ആർ ന്റെ 16.12.2019 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 06.02.2020. 02.09.2021 എന്നീ തീയതികളിലെ PAN/2256/2020-F2(DP) നമ്പർ കത്ത്.
5. ചടയമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.11.2019ലെ 19(1)-ാം നമ്പർ തീരുമാനം.
6. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 12.07.2021-ലെ (എൽ.ഡിസ്) എം.ആർ1-6027/2021/DHS നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീമതി ബിജി . ആർ ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് എറണാകുളം ലേയ്ക്ക് ഷോർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 2,37,474/-രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 1,89,979/-(ഒരു ലക്ഷത്തി എൺപത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തി ഒൻപത് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ

റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഹെഡ് ക്ലാർക്കായ ശ്രീമതി ബിജി . ആർ ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് എറണാകുളം ലേയ്ക്ക് ഷോർ ആശുപത്രിയിൽ ചികിൽസ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് പൂർവ്വകാല അനുമതി നൽകിക്കൊണ്ടും, നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 04.09.2019, 16.09.2019 മുതൽ 30.09.2019 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 2,37,474/-രൂപയുടെ 8 0 % ആയ 1,89,979/-(ഒരു ലക്ഷത്തി എൺപത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തി ഒൻപത് മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ ചടയമംഗലം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള, തിരുവനന്തപുരം.

സെക്രട്ടറി, ചടയമംഗലം ഗ്രാമപഞ്ചായത്ത്,കൊല്ലം.

ശ്രീമതി ബിജി . ആർ, ഹെഡ് ക്ലാർക്ക്, ചടയമംഗലം ഗ്രാമപഞ്ചായത്ത്, കൊല്ലം.

ആരോഗ്യകുടുംബക്ഷേമ വകുപ്പ് (02.12.2020- ലെ G2/1138/2020/H&FWD നം. പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ3/108/2020/തസ്വഭവ).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ